

നിഹാല

# ഭാരം ചുക്കുമ്പോൾ

**പി. വിജിത**

(ബി.എ. സോഷ്യോളജി)

സൂര്യന്റെ നേർത്ത കിരണങ്ങൾ ഭൂമിയിൽ പതിച്ചു തുടങ്ങി.എന്നിട്ടും ശൈത്യത്തിന്റെ കാഠിന്യം പ്രഭാതത്തെ വിട്ടു മാറിയിരുന്നില്ല. ഹരീഷേട്ടന്റെ കൈ ദേഹത്തു പതിച്ചപ്പോഴാണ് നേരെ ഒത്തിരി വെളുത്തുവെന്ന് അറിഞ്ഞത്. അതിവേഗം രാധ പിടഞ്ഞെഴുന്നേറ്റു.

-ഈശ്വരാ... ഇനിയെത്ര ജോലികൾ... ഓഫീസിലേക്ക് പോകുംമുമ്പ് ഇതൊക്കെ തീരുമോ ആവോ.- അടുക്കളയിൽ കയറി തിരിച്ചിറങ്ങിയപ്പോഴേക്കും മോൾ കരയുന്നു. നയന മോളെ ആശ്വസിച്ചെഴുന്നേൽപ്പിക്കുമ്പോഴാണ് ഓർത്തത്. മോളിന്നലെ ചെയ്യാൻ വിട്ടുപോയ ഹോംവർക്കിനെ കുറിച്ച്. ആയമ്മ മിസ് ഇന്നലെയും മോളുടെ പഠനത്തെക്കുറിച്ച് പരാതി പറഞ്ഞതാണ്. അവളെ പിടിച്ചെഴുന്നേൽപ്പിച്ച് ഹോംവർക്കിനു മുന്നിലിരുത്തി. അപ്പോഴാണ് ഹരീഷേട്ടന് പത്രവായനയോടൊപ്പം കിട്ടേണ്ട കാപ്പിയക്കുറിച്ച് ഓർത്തത്. കാപ്പിയുമായി വരുമ്പോൾ സമയം ഏഴു മണി. ഇനി നീണ്ട പത്രവായനയാണ്.

അടുക്കളയിൽ ബ്രേക്ക് ഫാസ്റ്റും ലഞ്ചും ഒപ്പത്തിനൊപ്പം വേവാൻ മൽസരിക്കുന്നു. കാപ്പി കുടിക്കാൻ തുടങ്ങിയപ്പോഴാണ് ഓർത്തത്. മോൾക്ക് വണ്ടിയെത്താൻ സമയമായി. തന്റെ കാപ്പിയെ ഏതോ തണുപ്പിന്റെ അഗാധഗർത്തത്തിലേക്ക് വലിച്ചെറിഞ്ഞ് മോളെ കുളപ്പിച്ചു. മോൾ സ്കൂളിൽ പോകാൻ റെഡിയായപ്പോഴേക്കും ഹരീഷേട്ടനും എത്തി. രണ്ടു പേർക്കും ബ്രേക്ക് ഫാസ്റ്റ് എടുത്തുവെച്ച് കുളിക്കാൻ കയറുമ്പോൾ ക്ലോക്കിലെ



ശബ്ദത്തോടെയുള്ള കറക്കം ശ്രദ്ധിച്ചു. 8.30. മോൾക്ക് പോകാനുള്ള വണ്ടിയുടെ ശബ്ദം കേട്ടാണ് തിരിച്ചെത്തിയത്. നയനയുമായി വണ്ടി പോയപ്പോൾ തിരിച്ചു നടന്നു. മനസ്സിലെ ഭാരം കുറഞ്ഞതുപോലെ.... ഇല്ല, ഇനിയും കിടക്കുന്നു.

ഹരീഷേട്ടൻ ജോലിക്കു പുറപ്പെടുമ്പോൾ രാധ ഒറ്റയ്ക്കായി. ഇനി ഒരുങ്ങി അവിടെയെത്തുമ്പോഴേക്കും ഒരകു കാലമാവും. അപ്പോഴേക്കും ഒരു കൂട്ടം ഫയൽ തന്റെ മേശപ്പുറത്തെത്തിയിരിക്കും ഇന്നലെയും മാനേജരുടെ വഴക്ക് കേട്ടതാണ്. ഈശ്വരാ... ഇന്നെങ്കിലും നേരത്തെ എത്തിയിരുന്നെങ്കിൽ... ബസിൽ നിരവധിയാളുകൾ തങ്ങളുടെതായ ലോകത്തിലേക്കു പറക്കുകയാണ്.

ബസിൽ ജോലിക്കാരും വിദ്യാർത്ഥികളും തിങ്ങി നിറഞ്ഞിരിക്കുന്നു. ഓഫിസിനു മുന്നിൽ ബസിറങ്ങുമ്പോൾ സമയം ഒത്തിരി വൈകിയിരിക്കുന്നു. ഈശ്വരാ... ഇന്നും മാനേജർ സാറിന്റെ വഴക്കു കേട്ടതുതന്നെ... അടക്കിപ്പിടിച്ച ജാള്യതയോടെയും ഭയത്തോടെയും ഓഫിസിലെത്തിയപ്പോഴാണ് മാനേജർ വന്നിട്ടില്ലന്നു മനസ്സിലായത്. വേഗത്തിൽ സീറ്റിൽ ചെന്നിരുന്നപ്പോൾ മനസ്സൊന്നയഞ്ഞു. പക്ഷേ, തനിക്കായി മാത്രം കണ്ണുംനട്ട് മേശപ്പുറത്തിരിക്കുന്ന ഫയലുകളുടെ കൂമ്പാരം കണ്ടപ്പോൾ നേർത്ത ആ തണുത്ത സ്പർശം വിട പറയുന്നതായി തോന്നി. ഫയലുകളിലേക്കു മുങ്ങുംമുമ്പാണോർത്തത് സരസയുടെ വീട്ടിലെ പാർട്ടി ഇന്നാണല്ലോ. ഈശ്വരാ... ഹരീഷേട്ടനോട് പറയാനും മറന്നല്ലോ. വൈകുന്നേരം വിളിക്കാമെന്ന ചിന്തയിൽ ജോലിയിൽ മുഴുകി.





വൈകീട്ട് ഓഫിസിലെ മറ്റുള്ളവരെല്ലാം സരസയുടെ വീട്ടിലേക്കു തിരിക്കുമ്പോൾ താൻ ഹരീഷേട്ടനെ വിളിച്ചു കൊണ്ടേയിരിക്കുകയായിരുന്നു. പക്ഷേ, കിട്ടിയില്ല. പാർട്ടി കഴിഞ്ഞ് ഇറങ്ങുമ്പോൾ നേരം വൈകി. പാർട്ടിയുടെ സമയത്തും തന്റെ മനസ്സിൽ വീടായിരുന്നു. വീട്ടിലെത്തിയപ്പോൾ മോളുറങ്ങിപ്പോയിരിക്കുന്നു. ഹരീഷേട്ടൻ മിണ്ടാൻപോലും കൂട്ടാക്കുന്നില്ല. ഹരീഷേട്ടനു മുന്നിൽ തന്റെ അവസ്ഥ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. നാളെക്കുള്ളതെല്ലാം ഒരുക്കിവെച്ച് ഉറക്കത്തിലേക്കു വീഴുമ്പോൾ സമയം 11 മണി. ഹോ... നാളെയും ഇന്നിന്റെ ആവർത്തനമാകുമല്ലോ...-

൦



# ഭീതി ഉണർത്തിയ വാക്കുകൾ

**എൻ.ടി. ഫസ്ന**

(ബി.എസ്സി. മാത്സ്)

നിലാവുള്ള ആ രാത്രിയിൽ സമയസൂചികൾ 10 മണിയോടു ചേർന്നിരിക്കുന്നു. നിലാവിന്റെ നേരിയ വെളിച്ചത്തിൽ ഇലകൾ അനങ്ങുന്നതിന്റെ നിഴലാട്ടം കാണാം. മകൾക്കൊപ്പം കിടക്കുമ്പോൾ, മോളൊന്നു ഞരങ്ങി.

പിന്നെ ചോദിച്ചു.

''അമ്മേ, അച്ഛൻ ഇതുവരെ എത്തിയില്ലോ?''

''ഇല്ല.''

അവൾ പറഞ്ഞു.


അവൾ എന്നാൽ ആരാണെന്നോ?

ആത്മഹത്യ ചെയ്യാനൊരുങ്ങുന്നു എന്ന ബോർഡ് വീട്ടിനു മുന്നിൽ പ്രതിഷ്ഠിച്ച് മാധ്യമശ്രദ്ധ പിടിച്ചു പറ്റിയ വിശ്വം കണ്ടൂരിന്റെ ഭാര്യ രാധ. ചെറിയ, സാധാരണ കുടുംബമാണ് അവരുടേത്. അമ്മ, അച്ഛൻ, രണ്ടു മക്കൾ. ആർഭാടമില്ലാത്ത, സാധാരണ ജീവിതം. ക്ലോക്കിൽ പന്ത്രണ്ടടിച്ചപ്പോൾ രാധ ഒന്നു ഞെട്ടി. വിശ്വേട്ടൻ ഇനിയും എത്തിയില്ലല്ലോ? ദീർഘനിശ്വാസത്തോടെ തിരിഞ്ഞു കിടന്നപ്പോൾ പൂർവ്വകാലസ്മൃതികൾ നിഴൽച്ചിത്രങ്ങളായി മുന്നിൽ നിരന്നുവന്നു.

കലാലയജീവിതം.

തേച്ചുമിനുക്കിയ, നീണ്ടുനിവർന്ന വരാന്തയുള്ള പാരലൽകോളേജ്. മൈതാനവും കുട്ടികളുടെ ആർപ്പുവിളികളും പടർന്നു പന്തലിച്ചു നിൽക്കുന്ന ആൽമരവും. ഒറ്റപ്പാലം രവിവർമ്മ കോളജ്. രാധ ബി.എ. മലയാളം വിദ്യാർഥി. പഠനത്തോടൊപ്പം കലാകായിക മേഖലകളിലും മുന്നിൽ. അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമിടയിൽ എന്നും സംസാരവിഷയം.അത് ഇന്റർ കോളേജ് മൽസരങ്ങളുടെ കാലമായിരുന്നു. ഓരോ വർഷവും വിവിധ കോളേജുകളിൽ നടത്തിയിരുന്ന മൽസരം ഇക്കുറി രാധയുടെ കോളേജിലാണ്. ധാരാളം







കുട്ടികൾ മൽസരത്തിനെത്തിയിരുന്നു. യുവതലമുറയുടെ ഹരമായിരുന്ന വിശ്വം കുണ്ടൂർ എന്ന രാഷ്ട്രീയ പ്രവർത്തകൻ എല്ലായിടത്തും നിറഞ്ഞുനിന്നു. നല്ലൊരു പ്രാസംഗികകനായിരുന്നു വിശ്വം. കയറുന്ന വേദികളിലെല്ലാം കാണികളുടെ കയ്യടി. രാധ നൃത്തവേദിയിൽ തിളങ്ങിനിന്ന സമയം. ഇടയ്ക്കെപ്പോഴോ അവർ തമ്മിൽ സൗഹൃദത്തിലായി.

പ്രണയത്തിലേക്കുള്ള വാതിൽ തുറക്കുകയായിരുന്നു. ജീവിതവഴിയിൽ ഒരുമിക്കാനും ഒന്നുചേർന്നു പോരാടാനും അവർ തീരുമാനിച്ചു. വീട്ടുകാരുടെ വലിയ എതിർപ്പിനെ പിന്തള്ളിയാണ് ചെറിയ ജീവിതം അവർ തുടങ്ങിയത്.

ഓർമ്മകളിൽനിന്ന് രാധ ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റു. ഉത്തരത്തിൽ തൂങ്ങി നിൽക്കുന്ന നാലു ജഡങ്ങൾ അവളുടെ മുന്നിൽ ആടിത്തുടങ്ങി. തന്റെയും മക്കളുടെയും ജീവിതം ഒരു കമ്പിനൂലാൽ ബന്ധിപ്പിച്ചു പോയ വിശ്വേട്ടന്റെ പോക്ക്. കണ്ണുകൾ നിറഞ്ഞു. കുട്ടികളെക്കുറിച്ചോർത്തപ്പോൾ കണ്ണീർ പ്രവാഹമായി. അപ്പോഴാണ് അപ്പുവിന്റെ ചോദ്യമോർത്തത്. ''അമ്മേ, സ്കൂളിലെ കുട്ടികളൊക്കെ പറഞ്ഞല്ലോ. നമ്മള് മരിക്കാൻ പോവാന്നൊക്കെ. അതെന്താ അവരങ്ങനെ പറഞ്ഞത്?''

ജീവിതത്തെ പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവരുമെന്നാലോചിച്ചല്ല ഒന്നും തീരുമാനിച്ചത്. മക്കളെയും കൊണ്ട് ഈ രാത്രിയിൽ ഇറങ്ങി ഓടിയാലോ എന്നാലോചിച്ചു.. എങ്ങോട്ട്? വർഷങ്ങൾക്കുമുമ്പെ താൻ വലിച്ചെറിഞ്ഞ മാതാപിതാക്കളുടെ അടുത്തേക്കോ? സ്വന്തം സഹോദരങ്ങളെ കാണാൻ ആഗ്രഹിച്ചുപോവുന്നു.

ദൂരെനിന്നും പ്രഭാതവന്ദനം കാതുകളിലെത്തി. നേരിയ വെളിച്ചം കണ്ണുകളിലേക്കു കടന്നുവന്നു. ഓർമ്മകളുടെ രാത്രിയിൽനിന്ന് അവൾ ഞെട്ടിയുണർന്നു. പെട്ടെന്നു കോളിങ്ബെൽ മുഴങ്ങി. ആകാംക്ഷയും ആശങ്കയും നിറഞ്ഞ മനസ്സോടെ അവൾ വാതിലിനടുത്തേക്കു നീങ്ങി.– ഈശ്വരാ... വിശ്വേട്ടനായിരിക്കണേ.

○

# നബീസു

**ശാക്കിറ വാഴക്കാട്**

(ബി.എ. ഇംഗ്ലിഷ്)




വീട്ടിൽ അടുത്ത ബന്ധുക്കൾ വന്നിട്ടുണ്ട്. നാളെ നബീസുവിന്റെ കല്യാണമാണ്. ഏതൊരു പെൺകുട്ടിയും കാത്തിരിക്കുന്ന രാത്രി. പക്ഷേ, നബീസു പതിവുപോലെ പണികളൊക്കെ തീർത്ത് കിടക്കാൻ ഒരുങ്ങി. നബീസുവിന്റെ ഉമ്മക്ക് ഉറക്കമില്ല. എല്ലാവരും അവളുടെ വർത്തമാനം പറയുകയാണ്. ഉമ്മാക്കും ഉപ്പാക്കും ആകെയുള്ള പ്രതീക്ഷയായിരുന്നു നബീസു. പക്ഷേ, ഇന്ന് അവളെക്കുറിച്ചോർത്താണ് അവർക്കു വിഷമം. കുറെക്കാലമായി അവർ അവൾക്കൊരു വരനെ കാത്തിരിക്കുന്നു. ആദ്യമൊക്കെ നല്ല ജോലിയുള്ള വരന്മാർ വന്നിരുന്നു. അന്നൊക്കെ വിദ്യാസമ്പന്നയായ നബീസു സ്ത്രീധനത്തിന്റെ പേരു പറഞ്ഞ് അതിൽനിന്നു മാറി നിന്നു. കൂട്ടുകാരെപ്പോലെ സൗന്ദര്യത്തിന്റെ പേരു പറഞ്ഞ് അവൾ വാശി പിടിച്ചില്ല. അവൾ പഠനം തുടർന്നു. അതിനിടയിൽ നബീസുവിന്റെ കൂട്ടുകാരുടെ കല്യാണം കഴിഞ്ഞു പോകുന്നുണ്ടായിരുന്നു. ഇപ്പോൾ നബീസുവിന്റെ പഠനം കഴിഞ്ഞു. 26 വയസ്സായി. എന്നാൽ അവളുടെ ഇഷ്ടത്തിനൊത്ത വരനെ അവൾക്കു കിട്ടിയില്ല. പലരും വന്നു കണ്ടു. എന്നാൽ അവർക്കു ചുരുങ്ങിയത് 20 പവനും രണ്ടു ലക്ഷവും കിട്ടണം. ഇന്നത്തെ കാലത്ത് അതു വളരെ കുറഞ്ഞ് സ്ത്രീധനമാണെന്നും അവർ പറഞ്ഞു. പക്ഷേ, സ്ത്രീധനമായി അഞ്ചു പൈസ പോലും കൊടുക്കേണ്ട എന്ന നിലപാടിലായിരുന്നു നബീസു. അവർ ചോദിക്കാതെ കഴിവിനനുസരിച്ച് തുക കൊടുത്താലും ചോദിക്കാൻ അവർക്ക് അവകാശമില്ല എന്നാണ് നബീസുവിന്റെ വാദം. ഓരോ വർഷം കഴി



നാസിർ

യുംതോറും നബീസുവിന്റെ സൗന്ദര്യം നഷ്ടപ്പെടുന്നുണ്ടായിരുന്നു. വെളുത്തിട്ടല്ലെങ്കിലും അവൾ കാണാൻ സുന്ദരിയായിരുന്നു. ഉപ്പ ചേക്കു കൃഷിപ്പണി ചെയ്തു കഴിഞ്ഞുകൂടുന്നു. അനിയൻ ഹൈസ്കൂളിൽ എത്തിയിട്ടേയുള്ളൂ. മകളിങ്ങനെ നിൽക്കുന്നതു കാണുമ്പോൾ എത്ര പൈസ കൊടുത്തും ഇറക്കിവിടാൻ അവർ തയ്യാറാണ്. പക്ഷേ, മകളുടെ ആവശ്യം തള്ളിക്കളയാൻ അവർ തയ്യാറായില്ല. കാരണം നാളെ അവൾ പടച്ചോനോട് സമാധാനം പറയേണ്ടിവരും. സമാധാനിപ്പിക്കാനെന്ന വണ്ണം ഉപ്പ പറയും. ''കല്യാണം കഴിച്ചിട്ടില്ലെങ്കിലെന്താ. മോൾക്ക് സുഖമായി കഴിയാനുള്ളത് ഉപ്പ ഉണ്ടാക്കുന്നുണ്ട്. കല്യാണം കഴിക്കാത്തതിന്റെ പേരിൽ നരകത്തിലാവില്ലല്ലോ.'' നബീസുവിനേക്കാൾ താഴെയുള്ളവരുടെ കല്യാണം വിളിച്ചുവന്നാൽ എന്നു പിന്നെ നബീസുവിന്റെ ഉമ്മക്ക് ഉറക്കമില്ല. പടച്ചോനോട് പ്രാർത്ഥിച്ചു കരയാൻ തുടങ്ങും. നാളെ കല്യാണമായിട്ടും അവർക്കു കരച്ചിൽ തന്നെ. സ്ത്രീധനം ചോദിക്കാതെ ഒരു ആലോചന വന്നിട്ടുണ്ട്. ബ്രോക്കർ മൊല്ല കൊണ്ടുവന്ന കാര്യമാണ്. ചെക്കൻ ഹൈദർ. സമ്പന്ന കുടുംബത്തിലുള്ളതാണ്. പഠിപ്പും പത്രാസുമുണ്ട്. ഗൾഫിൽ നല്ല ഉദ്യാഗത്തിലായിരുന്നു. ''നബീസുവിനെ ഹൈദറിനിഷ്ടപപ്പെട്ടു.'' ഇതുകേട്ട നബീസുവിന്റെ മുഖത്തു നക്ഷത്രത്തിളക്കം. ബ്രോക്കർ മൊല്ല തുടർന്നു. ''എന്നാൽ കുറച്ചു വർഷം മുമ്പ് ഹൈദർ ഒരു കെട്ടിടത്തിനു മുകളിൽ നിന്നു വീണു. തലനാരിഴയ്ക്കു രക്ഷപ്പെട്ടതാണെന്നു പറയാം. ജീവിതത്തിലേക്കു തിരിച്ചുവന്നെങ്കിലും പരസഹായമില്ലാതെ നടക്കാനാവില്ല. എന്നും ബാപ്പക്കും ഉമ്മക്കും നോക്കാനാവില്ലല്ലോ. അല്ലാഹുവിന്റെ അനുഗ്രഹമുണ്ടായാൽ മാറാത്ത ഏതു രോഗമാണുള്ളത്. ഇപ്പം ഹൈദറിനൊരു പെണ്ണു വേണം. ഇതു നമ്മുടെ നബീസുവിന് കൊള്ളാമെന്ന് തോന്നി. കുടുംബവും കൂട്ടുമാവാത്ത അവൾക്ക് ഒരു താങ്ങാവുമല്ലോ.'' ഇതുകേട്ട് നബീസുവിന്റെ ബാപ്പക്കു സഹിച്ചില്ല. ''എന്റെ മോളെനിക്കു ഭാരമൊന്നുമല്ല. അനങ്ങാൻ പറ്റാത്ത ഓനെയാണോ ഇന്റെ മോൾക്ക് താങ്ങായി നീ കൊണ്ടോന്നത്. പോടാ അവിടന്ന്. എന്റെ കൊച്ചിനെ ഞാൻ തന്നെ നോക്കിക്കൊള്ളാം.'' ഉമ്മയും കുടുംബക്കാരുമൊക്കെ എതിർത്തു. നബീസു മറുത്തൊന്നും ആലോചിക്കാതെ കല്യാണത്തിനു സമ്മതം മൂളി. അതു മതിയെന്നവൾ വാശി പിടിച്ചു. എന്നും ഉപ്പയും ഉമ്മയും ഉണ്ടാവില്ലല്ലോ. അനിയൻ വലുതായാൽ നാളെ അവനൊരു ഭാരമായാലോ. അപ്പോൾ ഇതു നടക്കട്ടെ എന്നു തന്നെയായിരുന്നു അവളുടെ ചിന്ത. അവളുടെ ഇഷ്ടത്തിനൊടുവിൽ അവർ സമ്മതം മൂളി. നബീസുവിനു വേണ്ട പൊന്നൊക്കെ ചെക്കന്റെ വീട്ടുകാർ കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ട്. കല്യാണത്തിന് അടുത്ത ബന്ധുക്കളെ മാത്രമേ ക്ഷണിച്ചിട്ടുള്ളൂ. കുറച്ച് അയൽവാസികളെയും. നബീസു എല്ലാവരോടും ചിരിച്ചുതന്നെ സംസാരിക്കുന്നു. പക്ഷേ, ആ ക്ഷീണിച്ച ചിരി ... അയൽവാസികൾ പോയപ്പോൾ അവൾ മേലു കഴുകി മുറിയിൽ കയറി വാതിലടച്ചു. പിറ്റേന്ന് ഉടുക്കാനുള്ള വസ്ത്രം എടുത്തുവച്ചു. അതിനിടയിൽ, അടുക്കിവെച്ച പുസ്തകങ്ങളിലൂടെ അവളുടെ കണ്ണുകൾ പാഞ്ഞു. പഠനകാലം അവസാനിച്ചിരിക്കുന്നു. നാളെ പുതിയ ജീവിതത്തിലേക്കു കടക്കുകയാണ്. പറയത്തക്ക കൂട്ടുകാരൊന്നും ഇന്ന് ഇല്ല. അവൾ പുസ്തകങ്ങളിൽനിന്നു കണ്ണു തിരിച്ചു. മനസ്സ് വേദനിക്കുന്നുണ്ടായിരുന്നു. അവൾ കിടന്നു. ഉറങ്ങാൻ പറ്റുന്നില്ല. ചുറ്റും പരന്നു കിടക്കുന്ന ഇരുട്ടിന് അവളുടെ വിതുമ്പൽ കേൾക്കാമായിരുന്നു. ം

എ. നിസാർ

(എം.സി.ജെ)

# ഒരു ഫാൻ അസോസിയേഷൻ കഥ



കാവ്യ മാധവന്റെ വിവാഹജീവിതം ഇങ്ങനെയൊരു ദുരന്തത്തിൽ കലാശിക്കുമെന്ന് കുമുദവല്ലി വിചാരിച്ചില്ല. കരഞ്ഞു തിണർത്ത കണ്ണുകളോടെ അവൾ ഹോസ്റ്റൽ മെസിൽ വിളമ്പിവച്ച ചോറിനു മുന്നിൽ കുന്തിച്ചിരുന്നു.എതിർവശത്തിരിക്കുന്ന നാലും നയൻതാര ഫാൻസാണ്. കാവ്യയുടെ വേദന, നിറഞ്ഞ മനസ്സോടെ ആഘോഷിച്ച നികൃഷ്ടജീവികൾ. ഒരേ മുറിയിൽ ഇനിയും തുടരാൻ കഴിയില്ലെന്ന് ഏകദേശം ഉറപ്പായിട്ടുണ്ട്. നയൻതാരയുടെ സെക്സപ്പീലും ബോഡി ഷെയ്പ്പും വർണിച്ച് രതിമതം പുണരുന്ന സുഹൃത്തുക്കൾ. ഇവരുടെ ഇടയിൽപെട്ട് പാവം കുമുദവും ശാലീന സുന്ദരി കാവ്യയും വീർപ്പു മുട്ടാൻ തുടങ്ങിയിട്ട് ഏറെ നാളായി. ഈ വാർത്തയോടെയാണ് എല്ലാം പൊട്ടിത്തെറിച്ചത്. അടുത്ത മുറിയിലെ കൂപമണ്ഡൂകങ്ങളെല്ലാം തന്നെ ഹിന്ദി നടന്മാരുടെ സിക്സ് പാക്ക് മസിൽ കണ്ട് സ്വയം നിർവൃതി പൂണ്ടു കഴിയുമ്പോൾ കുമുദത്തിന്റെ മുറിയിലെ രണ്ടു സുഹൃത്തുക്കൾ മാത്രം നയൻതാരയുടെ അപദാനങ്ങൾ പാടിപ്പുകഴ്ത്തുന്നു. ആദ്യമാദ്യം വെറുപ്പായിരുന്നു. സൃഷ് ടിവൈകൃതമെന്ന് വിശേഷിപ്പിച്ച് ഒഴിഞ്ഞു മാറാൻ ശ്രമിച്ചു. എങ്കിലും രാത്രി ഉരുകിയൊലിക്കുന്ന വേളകളിലും മഴക്കൂട് പൊട്ടിയൊഴുകുന്ന കർക്കടകരാവുകളിലും പുതച്ചു മൂടിയ സർപ്പങ്ങൾ ഫണം വിടർത്തിയാടും.

കുമുദം ഓർത്തു. ആദ്യമായി കാവ്യ മാധവനെ കണ്ട ദിവസം. ഒറ്റപ്പാലത്തെ തറവാടിനടുത്താണ് ഐശ്വര്യയുടെ വീട്. നാട്ടിൽ പോകുമ്പോഴെല്ലാം അവൾക്ക് ഓരായിരം ഷൂട്ടിങ് വിശേഷങ്ങൾ പറയാനുണ്ടാകും. മലയാളത്തിന്റെ കോടമ്പാക്കമാണല്ലോ ഒറ്റപ്പാലം. അങ്ങനെയിരിക്കെ പുലിവാൽ കല്യാണത്തിന്റെ ഷൂട്ടിങ്ങിന് വന്ന കാവ്യ കൊച്ചിയിൽ ഒരു വീട്ടിൽ വിരുന്നിനു പോയി.

ഐശ്വര്യയുടെ ഇളയമ്മയുടെ വീട്ടിൽ കാവ്യ മാധവനെന്ന താരരാജകുമാരി വന്നു, ഇരുന്നു, തിന്നു, കുടിച്ചു, ചിരിച്ചു... അതുകൊണ്ടു മാത്രമാണ് കാവ്യയെ കാണാൻ കൊച്ചിയിലേക്ക് ഓടിയത്. ഐശ്വര്യയുടെ ഇളയമ്മയുടെ ക്ഷണം കാവ്യയിലേക്കുള്ള കുറുക്കുവഴി ആയിരുന്നു. രണ്ടു ദിവസം അവധിയെടുത്ത് പ്ളസ് ടുക്കാരി കുമുദവും കുടുംബവും കൊച്ചിയിലേക്കു വണ്ടി കയറിയത്. ഇളയമ്മയുടെ വീട്ടിനകത്തും പുറത്തും ആളുകളാണ്. സ്ത്രീകളും പുരുഷന്മാരും കുട്ടികളും വൃദ്ധന്മാരും നിരന്നു കിടക്കുന്നു. കൂടുതൽ കൂടുതൽ ആളുകൾ വന്നുകൊണ്ടിരുന്നു. കുമുദത്തിനു പരിഭ്രമമായി. ഈ തിരക്കിനിടയിൽ വെറും ഒരു നോട്ടം മാത്രമായിപ്പോകുമോ? സംഭ്രമം കലർന്ന നിമിഷങ്ങൾ. തിരക്കിനിടയിലൂടെ മുട്ടനാടുകൾപോലെ അവർ ഇടിച്ചുകയറി. കോലായിൽതന്നെ ഇരിപ്പുണ്ട്. തലയ്ക്കൽ തേങ്ങാമുറിയിൽ തിരിയിട്ടു കത്തിച്ച് മരിച്ച് വായ്ക്കരിയിട്ട് കിടത്തിയ ഇളയമ്മയുടെ മുത്തച്ഛൻ. കുമുദം നിയന്ത്രണം വിട്ടു കരഞ്ഞുപോയി. സെഞ്ചുറി തികച്ചു കടന്നുപോയ ആ പുരാതന മനുഷ്യനോട് ഇത്രയും മമതയോ എന്നു കാണികൾ അന്തിച്ചു നോക്കി.

പകയായിരുന്നു. കാവ്യയുടെ വരവിനെ തട്ടിമറിച്ച കാലനോട്. പക്ഷേ, അന്നു വൈകീട്ട് അവിചാരിതമായി കാവ്യ മാധവൻ അവൾക്കു മുന്നിൽ പ്രത്യക്ഷപ്പെട്ടു.



മറൈൻഡ്രൈവിലെ ഐസ്ക്രീം കടയിൽ ഐശ്വര്യയുമൊത്തിരിക്കുമ്പോൾ ഒരു സ്വപ്നംപോലെ കാവ്യ കടന്നു വന്നു. എല്ലാവരോടും ചിരിച്ച്, കൈ കൂപ്പി, നമസ്കാരം പറഞ്ഞ്, ആളുകളുടെ സ്നേഹാദരങ്ങൾ ഏറ്റുവാങ്ങി കുമുദത്തിന് എതിർവശത്തിരുന്നു.

''കാവ്യേച്ചീ....''

കുമുദത്തിന്റെ ആ വിളി മലയാള ചലച്ചിത്ര മേഖലയിലാകെ പ്രതിധ്വനിച്ചു കാണും. കാവ്യ കുമുദത്തിനെ നോക്കിച്ചിരിച്ചു.

''എന്താ പേര്?''

''കുമുദവല്ലി. ഇത് ഐശ്വര്യ. ഞങ്ങൾ കുടുംബക്കാരാ. ചന്ദ്രനുദിക്കുന്ന ദിക്കിൽ എനിക്ക് ഭയങ്കര ഇഷ്ടാ... അതിലെ പാട്ടില്ലേ... മഞ്ഞ് പെയ്യണ് ...'' കുമുദത്തിന്റെ സംസാരം കേൾക്കാൻ കാവ്യ മാധവന്റെ വിലപ്പെട്ട അര മണിക്കൂർ ബലി നൽകേണ്ടിവന്നു.

''എന്നെ വിളിക്കണം. എന്റെ ഫോൺ നമ്പർ കുറിച്ചോളൂ. 964572...''

അങ്ങനെ തുടങ്ങിയ ബന്ധമാണ്.

ഹോസ്റ്റലിലെ സർവ്വതിനും അസൂയ മൂത്തതും അതുകൊണ്ടാണ്. കാവ്യയുമായി ഫോണിൽ സംസാരിക്കുമ്പോൾ അവറ്റകളുടെ മുഖം കാണണം. അസൂയ കൊണ്ട് വികൃതമായ മുഖങ്ങൾ. ഇത്രയും സ്നേഹവും എളിമയുമുള്ള കാവ്യയുടെ ദാമ്പത്യ ജീവിതം തകർത്ത കശ്മലനെ കട്ടപ്പാരയെടുത്ത് കുത്തിക്കൊല്ലാൻ തക്കം പാർത്തിരിക്കുകയാണ് കുമുദം. ഊണു കഴിക്കാതെ കുമുദം മെസിൽനിന്ന് എഴുന്നേറ്റ് റൂമിലെത്തി കാവ്യയുടെ നമ്പർ ഡയൽ ചെയ്തു. സ്വിച്ച് ഓഫ്. നൈരാശ്യത്തിന്റെ കടലിലേക്ക് താഴ്ന്നുപോയ കാവ്യ ഇനി ഒരിക്കലും തന്നെ വിളിക്കില്ല. ഒരു ആരാധികയെന്നതിനപ്പുറം ഒരു ബന്ധവുമില്ലാത്ത തന്നെ മറക്കാൻ കാവ്യയ്ക്ക് എളുപ്പം കഴിയും.

പരീക്ഷയും സെമിനാറുകളും മുറയ്ക്കു നടക്കുന്നുണ്ട്. സുഹൃത്തുക്കൾ നന്നായി പഠിക്കുന്നുണ്ട്. പക്ഷേ, കുമുദം എന്ന കാവ്യ ഫാൻ മൊബൈലും കുത്തിപ്പിടിച്ച് ഒരേ ഇരിപ്പാണ്. കാവ്യയുടെ ചിത്രങ്ങൾ നോക്കി അവൾ കരഞ്ഞു. അനന്തഭദ്രത്തിന്റെ പോസ്റ്ററിലെ രവിവർമ്മ സുന്ദരിയുടെ ചുണ്ടുകൾ ചുംബിച്ചു. തിളക്കത്തിലെ വയറു കാണുന്ന ഉടുപ്പിട്ട കാവ്യയെ അവൾ അന്യരുടെ നോട്ടത്തിൽനിന്നു മറച്ചുവച്ചു.

ആർ യു ഇൻ ലവ് വിത്ത് കാവ്യ?

ഓരോരുത്തരായി ചോദിച്ചു തുടങ്ങി.

തന്റെ ജീവിതത്തിൽ ഇന്നുവരെ ഒരു പയ്യനെയും സ്നേഹിച്ചിട്ടില്ലാത്ത കുമുദം ധൃതിപ്പെട്ട് പ്രണയിക്കാൻ ശ്രമിച്ചു. പക്ഷേ, ഒരു രാജകുമാരനോടും അവൾക്ക് ആകർഷണം തോന്നിയില്ല. അശ്ളീലചിത്രങ്ങൾ നോക്കിയിരുന്നിട്ടും ഒരു വികാരവും തോന്നിയില്ല.

ഈശ്വരാ... കുമുദം മുറിയടച്ചിരുന്ന് നിലവിളിച്ചു. കാവ്യാ മാധവന്റെ നമ്പറിൽ വീണ്ടും വീണ്ടും വിളിച്ചു. സ്വിച്ച് ഓഫ്.

ഇപ്പോഴെങ്കിലും തനിക്കു തുറന്നു പറയണം. കാവ്യയെ താൻ പ്രണയിക്കുന്നുവെന്ന്. ഒരു നല്ല കൂട്ടുകാരിയായി ജീവിതകാലം മുഴുവൻ കാവ്യയുടെ കൂടെയുണ്ടാവുമെന്ന് ഉറപ്പ് കൊടുക്കണം. വൈകുന്നേരത്തെ കളിയും കുളിയും കഴിഞ്ഞ് സുഹൃത്തുക്കൾ തൊഴുത്തിലെത്തി. കുമുദത്തിന്റെ ഉള്ളിലെ തേനീച്ചകളെ ഉണർത്തി.

ഇടവപ്പാതിയിലെ കനത്ത ഒരിടി മുഴക്കം വാനിൽ മുഴങ്ങി. കുമുദം കട്ടിലുകൾ അടുപ്പിച്ചിട്ടു. ഹോസ്റ്റലിലെ വിളക്കുകൾ അണഞ്ഞു. നിസ്സഹായയായ പേടമാനിനെപ്പോലെ അവൾ കിടന്നു. തന്നിലെ മരിച്ച സ്ത്രീത്വത്തെ ഉദകക്രിയ ചെയ്ത് അവൾ പുതിയ ഫാൻസ് അസോസിയേഷനിൽ ചേർന്നു.

○

# ഒരു നോർമൽ വീട്ടമ്മയുടെ ആത്മഹത്യാ കുറിപ്പ്

**പി.സി. ശദീന**

(ബി.എ., സോഷ്യോളജി)

*പ്രിയപ്പെട്ടവനെ,*

*ഇന്ന് ഈ യന്ത്രത്തിന്റെ കാലാവധി തീരുകയാണ്. അടിച്ചും തുടച്ചും പൊടിച്ചും ഇടിച്ചു നട്ടും ബോ ൾട്ടും ഊരിത്തെറിച്ചത് വളരെ വൈകിയാണ് അറിഞ്ഞത്. ഗ്യാരണ്ടി തീർന്ന ഒന്നിനെയും താങ്കൾ വീട്ടിൽ വച്ചുപൊറുപ്പിക്കാറില്ലല്ലോ. സ്റ്റോർ റൂമിൽ ആക്രിക്കടക്കാർക്ക് വിൽക്കാൻവെച്ച ഇരുമ്പിനി ടയിൽ കിടക്കാൻ എനിക്കാഗ്രഹമില്ല. കരിപിടിച്ച ഈ നാലു ചുമരുകളല്ലാതെ പുറംലോകത്തിന്റെ വെളിച്ചം ഞാൻ കണ്ടിട്ടില്ല. ആട് അങ്ങാടിയിൽ ചെന്ന സ്വഭാവവുമായി നിന്ന എന്നെ ആളുകളു ടെ മുന്നിൽ കൊണ്ടുപോകാൻ പറ്റില്ലെന്ന് താങ്കൾ ഇടയ്ക്കിടെ പറയാറുണ്ടായിരുന്നല്ലോ. ഇനിയെനിക്ക് എല്ലാം കാണാം. നിറങ്ങളും വെളിച്ചവും പിന്നെ, അനന്തമായ നിദ്രയുടെ തണുപ്പും. നിങ്ങളെനിക്കു ഭക്ഷണം തന്നു. ആഘോഷവേളകളിൽ വസ്ത്രം തന്നു. പക്ഷേ, അടുക്കളയെന്ന ഭ്രമണപഥത്തിൽ കറങ്ങിക്കൊണ്ടിരുന്ന ഈ ഗ്രഹത്തിന് വേണ്ടത് ഇത്തിരി സ്നേഹമായിരുന്നു. സ്വപ്നമായിരുന്നു. ചായയായും ചോറായും കറിയായും എന്റെ വിയർപ്പിനെ മേശപ്പുറത്ത് നിരത്തുമ്പോൾ ആഗോളവൽക്കരണത്തെ കുറിച്ചും ആണവകരാറിനെ കുറിച്ചും നിങ്ങൾ വാ തോരാതെ സംസാരിച്ചു കൊണ്ടിരുന്നു. കരി പുരണ്ട എന്റെ മുഖത്തിന്റെ വൃത്തിയില്ലായ്മയെ കുറിച്ച് ഘോരഘോരമായി താങ്കൾ പ്രസംഗിച്ചു. വർഷങ്ങളോളം ഓടിനടന്നു പണിയെടുത്തിട്ടും മിച്ചം വന്നത് ശൂന്യതയായിരുന്നു. ജീവിതത്തിന്റെ അർത്ഥശൂന്യത എനിക്കു മനസ്സിലാകുന്നുണ്ട്. ആരോടും പരാതിയില്ലാതെ, പരിഭവമില്ലാതെ ഞാൻ യാത്രയാവുകയാണ്. ഏതൊരു സ്ത്രീക്കു മുന്നിലും സ്നേഹരഹിതമായ യന്ത്രസ്വഭാവം ആരോ അടിച്ചേൽപ്പിച്ചിട്ടുണ്ട്. ഒരു മനുഷ്യസ്ത്രീയായി എനിക്കു മരിക്കണം. വറ്റിപ്പോയ കണ്ണുനീരിന്റെ ഉറവയെ ഞാൻ തേടുകയാണ്. കറങ്ങിക്കൊണ്ടിരുന്ന ഭ്രമണപഥത്തിൽനിന്നു തെന്നി മാറി അലക്ഷ്യമായി നീങ്ങുകയാണ്. അസഹ്യമായ യന്ത്രസ്വഭാവം നിങ്ങളെ വിഴുങ്ങുംവരെ നിങ്ങളും ജീവിക്കുക. വേറൊരു ലോകത്തിരുന്ന് ശരീരമാസകലം മറുകിയിരിക്കുന്ന ചങ്ങലകൾ ഉരുകിയൊലിക്കാൻ ഞാനും പ്രാർത്ഥിക്കും. പ്രിയപ്പെട്ട ഗൃഹനാഥാ... അടുക്കളയിലിരുന്ന ശ്വസിക്കുന്ന യന്ത്രമെവിടെയെന്ന് ആരെങ്കിലും ചോദിച്ചാൽ അതിന്റെ ഗ്യാരണ്ടി തീർന്നെന്നു പറഞ്ഞാൽ മതി. ഉച്ചയ്ക്കുള്ളത് ഫ്രിഡ്ജിനു മുകളിൽ മൂടിവെച്ചിട്ടുണ്ട്. വൈകുന്നേരത്തെ ചായക്ക് നിങ്ങളെന്റെ നിശ്ചലമായ ഹൃദയം തിന്നു കൊള്ളുക.*

സ്നേഹത്തോടെ

*സ്വന്തം ഭാര്യ*

o






# പനിനീർപ്പൂവിന്റെ സുഗന്ധം തേടി

**പി. അഫാദ**

(ബി.എസ്സി. ഫിസിക്സ്)

എനിക്കു ചുറ്റും മന്ദഹസിച്ചു കൊണ്ടു പറക്കുന്ന കൃഷ്ണപ്പരുന്തുകളാണോ എന്റെ ശത്രുക്കൾ? അല്ല. എങ്കിലും എന്റെ ജീവിതശത്രുക്കളായ് ആരൊക്കെയോ ചുറ്റിലുമുണ്ട്. ഇടയ്ക്ക് ഒരു തോന്നൽ. എന്റെ ശത്രു ഞാൻ തന്നെയാണോ? പാതി ഉടഞ്ഞ കണ്ണാടിച്ചില്ലിലേക്കു നോക്കി. പ്രതിബിംബം എന്നെ നോക്കി ചിരിക്കുന്നു. അവൾക്ക് എന്നോട് ശത്രുതയുള്ളതായി തോന്നിയില്ല. എന്നാൽ അവളുടെ മനസ്സിലെ ആഗ്രഹങ്ങളുടെ വലിപ്പം മനസ്സിലാക്കുവാൻ കഴിയുന്നു. അതെ. അർത്ഥമില്ലാത്ത, അറ്റമില്ലാത്ത ആഗ്രഹങ്ങളാണ് എന്റെയും അവളുടെയും ശത്രു. കളിക്കൂട്ടുകാരനിൽനിന്നു പ്രണയം എന്തെന്നു തിരിച്ചറിഞ്ഞിട്ടും ആ അമൂല്യനിധിക്ക് വില കൽപ്പിക്കാത്തവൾ. പ്രണയിക്കാൻ ഇഷ്ടപ്പെടാത്തവൾ. പിന്നെ, അവളെന്തിനാണ് അവൻ നീട്ടിയ ആദ്യത്തെ പ്രണയാഭ്യർത്ഥനയുടെ ചിവിട്ടിയരയ്ക്കപ്പെട്ട ചുവന്ന പനിനീർപുഷ്പത്തിന്റെ ഇതളുകളെ, കുമാരനാശാന്റെ കവിതകൾക്കുള്ളിൽ ഒളിച്ചു സൂക്ഷിക്കുന്നത്? ജീവിതപ്പാതയിൽ വിജയത്തിന്റെ കൊടുമുടി കയറാൻ പ്രണയം തടസ്സമാകുമെന്ന് അമ്മ പറഞ്ഞുതന്നത് വിശ്വസിക്കേണ്ടായിരുന്നോ? വാടിയ പ്രണയത്തിന്റെ പ്രതീകമായി ഇന്നും കണ്ണീർ വാർക്കുന്ന കൂട്ടുകാരിയുടെ മുഖം ഓർക്കേണ്ടിയിരുന്നോ? പിഴച്ചതെവിടെയാണ്?

നട്ടുനനച്ച പനിനീർച്ചെടിയിലെ ആദ്യപുഷ്പം അവനു വേണ്ടി കരുതിവെച്ചു. അതിന്റെ ചുറ്റും മൂളിപ്പറന്ന കരിവണ്ടുകളെ ആട്ടിയോടിച്ചു. ഭംഗിയുള്ള ഒരു ചിത്രശലഭത്തെപ്പോലും പൂവിനരികിലേക്കു ഞാനടുപ്പിച്ചില്ല. അവനു വേണ്ടി മാത്രം വിരിഞ്ഞതായിരുന്നു ആ പനിനീർ പുഷ്പം. ഹൃദയം തുറന്നു കാണിച്ചിട്ടും ചെമ്പരത്തിപ്പൂവാണെന്ന് പരിഹസിച്ചവൾക്കായി, ഒരു നിമിഷത്തേക്കു പോലും അവനെ അറിയാൻ ശ്രമിക്കാത്തവൾക്കായി, വർഷങ്ങളോളം അവൻ ഹൃദയത്തിൽ കാത്തുസൂക്ഷിച്ച ആത്മാർത്ഥ പ്രണയത്തിനുള്ള സ്നേഹസമ്മാനമായിരുന്നു ആ പുഷ്പം.



ഒടുവിൽ സ്വന്തം വികാരങ്ങളെ പുറത്തേക്കൊഴുക്കി, സമൂഹത്തിന്റെ ഏറുകണ്ണ് തട്ടി, ഭാരം കൂടിയാലും അതു സ്വയം ചുമക്കാൻ തീരുമാനിച്ചു. എന്നാൽ ഞാൻ നീട്ടിയ പനിനീർ പുഷ്പം ഏറ്റുവാങ്ങാൻ അവന്റെ കരങ്ങൾ എനിക്കുനേരെ ഉയർന്നില്ല. അവ തണുത്തു മരവിച്ചുപോയിരുന്നു. അവന്റെ കണ്ണുകളിലെ പ്രകാശം എനിക്കുനേരെ അസ്ത്രങ്ങളായി പാഞ്ഞടുത്തില്ല. അവ എന്നെന്നേക്കുമായി അടഞ്ഞു പോയിരുന്നു. എനിക്കു വേണ്ടി തുടിച്ച ആ ഹൃദയത്തിൽ സ്പന്ദനം അകന്നു പോയിരുന്നു. എങ്കിലും അവനെ പുതപ്പിച്ചിരുന്ന വെള്ളത്തുണിക്കു മുകളിലും അതിന്റെ സ്ഥാനം കണ്ടെത്താൻ എനിക്കു വിഷമമുണ്ടായിരുന്നില്ല. എന്റെ നെഞ്ചിലെ ചൂടു മുഴുവൻ പകർന്നെടുത്ത ആ പനിനീർ പുഷ്പം ഞാൻ അവന്റെ ഹൃദയത്തോടു ചേർത്തുവെച്ചു. അതിന്റെ ഇതളുകൾ വാടിക്കരിഞ്ഞിരുന്നു.

ഠ